# ലോക എയ്ഡ്സ് ദിനം 2024

ലോകമെമ്പാടും 1988 മുതൽ ഡിസംബർ 1 ലോക എയ്ഡ്സ് ദിനമായി ആചരിച്ചു വരുന്നു. എച്ച്.ഐ.വി അണുബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും, എച്ച്.ഐ.വി പ്രതിരോധത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായാണ് ഈ ദിനം ആയിരിക്കുന്നത്. എച്ച്.ഐ.വി അണുബാധ നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

ലോകത്താകമാനം 3.9 കോടി എച്ച്.ഐ.വി ബാധിതർ ഉ ന്ന് കണക്കാക്കപ്പെടുന്നു. 2023 ൽ മാത്രം 0.13 കോടി ആളുകളിൽ പുതുതായി എച്ച്.ഐ.വി അണുബാധ ക ത്തി. ഇന്ത്യയിൽ 2023 estimation പ്രകാരം 25.44 ലക്ഷം ആളുകൾ എച്ച്.ഐ.വി ബാധിതരാണെന്ന് കണക്കാക്കപ്പെടുന്നു. 2023 ൽ ഇന്ത്യയിൽ 68451 ആളുകളിൽ പുതുതായി എച്ച്.ഐ.വി അണുബാധ ക ത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2023 -2024 )കേരളത്തിൽ 1263 HIV അണുബാധിതരെ കണ്ടെത്തി .

എച്ച്.ഐ.വി അണുബാധാ സാന്ദ്രത താരതമ്യേന കുറഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. പ്രായപൂർത്തിയായവരിലെ എച്ച്.ഐ.വി സാന്ദ്രത ഇന്ത്യയിൽ 0.20 ആണെങ്കിൽ അത് കേരളത്തിൽ 0.07 ആണ്. എച്ച്.ഐ.വി സാന്ദ്രത കുറഞ്ഞ സംസ്ഥാനമാണെങ്കിലും തൊഴിലിനും, വിദ്യാഭ്യാസത്തിനുമായി മലയാളികൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കും, രാജ്യങ്ങളിലേയ്ക്കും കുടിയേറുന്നതും, ഇതര സംസ്ഥാനത്തു നിന്നുള്ള ആളുകൾ വർദ്ധിച്ച തോതിൽ കേരളത്തിലേയ്ക്ക് കുടിയേറുന്നതും നമ്മുടെ എച്ച്.ഐ.വി വ്യാപന സാധ്യത വർദ്ധിപ്പിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യം അനുസരിച്ച് 2030-ഓടുകൂടി പുതിയ എച്ച്.ഐ.വി അണുബാധ ഇല്ലാതാക്കുന്നതിനുള്ള ശ്രമത്തിലാണ് ലോകരാജ്യങ്ങൾ. കേരളമാകട്ടെ ഈ ലക്ഷ്യം 2025 ൽ കൈവരിക്കുന്നതിനായിട്ടുള്ള യജ്ഞം ആരംഭിച്ചു കഴിഞ്ഞു. ഇതിനായി 'ഒന്നായ് പൂജ്യത്തിലേയ്ക്ക്' എന്ന ക്യാമ്പയിൻ ആരംഭിച്ചിരിക്കുന്നു. ആന്ത്യത്തികമായ ഈ ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിന് 2025-ഓടുകൂടി 95:95:95 എന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ ആദ്യത്തെ 95 എന്നത് എച്ച്.ഐ.വി ബാധിതരായ ആളുകളിലെ 95% ആളുകളും അവരുടെ എച്ച്.ഐ.വി അവസ്ഥ തിരിച്ചറിയുക എന്നുള്ളതാണ്. അണുബാധിതരായിട്ടും അത് തിരിച്ചറിയാതെ ജീവിക്കുന്ന ആളുകൾ നമ്മുടെ സമൂഹത്തിൽ ഉ ്. ര ാമത്തെ 95 എന്നുള്ളത് എച്ച്.ഐ.വി അണുബാധിതരായി ക ത്തിയ ആളുകളിലെ 95% വും എ.ആർ.ടി ചികിത്സയ്ക്ക് വിധേയരാകുക എന്നതാണ്. ഇവരിലെ 95% ആളുകളിലും വൈറസ് നിയന്ത്രണ വിധേയമാക്കുക (viral load supression) എന്നതാണ് മൂന്നാമത്തെ 95 കൊ ് ലക്ഷ്യമാക്കുന്നത്.

2024 ലെ കണക്കു പരിശോധിക്കുമ്പോൾ ഈ മേഖലയിൽ നാം കൈവരിച്ച നേട്ടം താഴെ പറയും പ്രകാരമാണ്.

| | ആദ്യത്തെ 95 | ര ാമത്തെ 95 | മൂന്നാമത്തെ 95 |
|---|---|---|---|
| ഇന്ത്യ | 81 | 88 | 95 |
| കേരളം | 76 | >=95 | >=95 |
| | | | |
| | | | |
| | | | |
| | | | |

"Take the rights path, അവകാശങ്ങളുടെ പാത സ്വീകരിക്കു" എന്നതാണ് ഈ വർഷത്തെ ലോക എയ്ഡ്സ് ദിന സന്ദേശം. മനുഷ്യാവകാശങ്ങൾ കേന്ദ്രീകരിച്ച്, കമ്മ്യൂണിറ്റികൾ മുന്നിട്ട് നിന്നാൽ, 2030-ഓടെ ലോകത്തിന് എയ്ഡ്സ് ഒരു പൊതുജനാരോഗ്യ ഭീഷണി ആകാതെ അവസാനിപ്പിക്കാനാകും.

എച്ച്.ഐ.വി പ്രവർത്തനത്തിൽ കൈവരിച്ച ഗണ്യമായ പുരോഗതി മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിലെ പുരോഗതിയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. എച്ച്ഐവി പ്രതികരണത്തിലൂടെ കൈവരിച്ച പുരോഗതി, ആരോഗ്യത്തിനുള്ള അവകാശം സാക്ഷാത്കരിക്കുന്നതിലും, ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിലും സഹായകമായി.

എച്ച്.ഐ.വി അണുബാധിതരും, എച്ച്.ഐ.വി അണുബാധാ സാധ്യത കൂടിയ പാർശ്വവത്കരിക്കപ്പെട്ടിട്ടുള്ള ലൈംഗിക ന്യൂന പക്ഷങ്ങളായ ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗ രതിയിൽ ഏർപ്പെടുന്ന പുരുഷൻമാർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിന് വർണ്ണ, വർഗ്ഗ, ലിംഗ അസമത്വങ്ങൾ ഇല്ലാതാക്കികൊ ും, സാമൂഹികവും, സാമ്പത്തികവും, സാംസ്ക്കാരികവും, നിയമപരവുമായ സമത്വം ഉറപ്പാക്കേ തു ്. അവരെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുത്താതെ അവർക്ക് ആവശ്യമായ പരിരക്ഷയും, പരിഗണനയും നൽകുകയും സ്വയം ശാക്തീകരിക്കപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യേ സമയം ആയി എന്ന് ഈ ലോക എയ്ഡ്സ് ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. എച്ച്.ഐ.വി നിയന്ത്രണം, അണുബാധിതരുടെ ചികിത്സ, പരിചരണം തുടങ്ങിയ മേഖലകളിൽ സംസ്ഥാന ആരോഗ്യവകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ എച്ച്.ഐ.വി ബാധയുടെ തോത് കുറച്ചു കൊ ുവരാൻ സാധിച്ചിട്ടു ്. ഇതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ സേവന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ജ്യോതിസ് കേന്ദ്രങ്ങൾ (ഐ.സി.റ്റി.സി)**

ജ്യോതിസിൽ എത്തുന്ന വ്യക്തികൾക്ക് സൗജന്യമായി എച്ച്.ഐ.വി ടെസ്റ്റിംഗ് നടത്തുന്നതിന് സാധിക്കുന്നു. ടെസ്റ്റിന് മുൻപും ശേഷവും സൗജന്യ കൗൺസിലിംഗും നൽകി വരുന്നു. ഏതൊരു വ്യക്തിയുടെ സത്യവാങ് മൂലം (അനുവാദം) ഉണ്ടെങ്കിൽ മാത്രമേ എച്ച്.ഐ.വി ടെസ്റ്റിംഗിന് വിധേയമാകാൻ സാധിക്കുകയുള്ളൂ. രക്തപരിശോധയയിലൂടെ മാത്രമേ എച്ച്.ഐ.വി അണുബാധ കെ ത്താൻ സാധിക്കുകയുള്ളൂ. എച്ച്.ഐ.വിയ്ക്കെതിരെയുള്ള പ്രതിവസ്തു (antibody) രക്തത്തിൽ ഉ ോ എന്നാണ് പരിശോധിക്കുന്നത്. സാധാരണഗതിയിൽ ഈ പ്രതിവസ്തുവിന്റെ സാന്നിദ്ധ്യം കെ ത്തുവാൻ രോഗാണു ശരീരത്തിൽ പ്രവേശിച്ചതു മുതൽ മൂന്നുമാസം വരെ സമയമെടുക്കും. ഈ കാലയളവിനെ ജാലകവേള (window period) എന്നു പറയുന്നു. ആദ്യ പരിശോധയയിൽ എച്ച്.ഐ.വി അണുബാധ ഉ ് എന്ന് കെ ത്തുകയാണെങ്കിൽ ര ു ടെസ്റ്റുകളും കൂടി ചെയ്തു നോക്കുകയും ഈ മൂന്ന് പരിശോധനകളുടെയും ഫലം പോസിറ്റീവ് ആണെങ്കിൽ മാത്രമേ ആ വ്യക്തി എച്ച്.ഐ.വി പോസിറ്റീവ് ആണെന്ന് സ്ഥിരീകരിക്കുകയുള്ളൂ.

സംസ്ഥാനത്ത് 793 ജ്യോതിസ് കേന്ദ്രങ്ങൾ (ഐ.സി.റ്റി.സി) കൗൺസിലിംഗിനും പരിശോധനക്കുമായി പ്രവർത്തിക്കുന്നു. അതിൽ സർക്കാർ ആശുപത്രികളിൽ 88 എണ്ണം (2 മൊബൈൽ ഐ.സി.ടി.സികൾ ഉൾപ്പടെ) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും 615 എണ്ണം സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടു കൂടിയും, 90 എണ്ണം സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു. ഇതുകൂടാതെ 64 സുരക്ഷ പ്രോജക്ടുകൾ വഴി community based screening ഉം നടത്തുന്നു ്. ഇവിടെ എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും സൗജന്യമായി നൽകുകയും പരിശോധന സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യും. എച്ച്.ഐ.വി അണുബാധയു ന്നു കെ ത്തിയാൽ അവരെ കൂടുതൽ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കും വേ ി എ.ആർ.ടി കേന്ദ്രങ്ങളിലേക്ക് അയക്കും.

**ഉഷസ് കേന്ദ്രങ്ങൾ (എ.ആർ.ടി)**

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും കണ്ണൂർ, കൊല്ലം ജില്ലാ ആശുപത്രികളിലും മാനന്തവാടി, കാസർഗോഡ്, എറണാകുളം ജനറൽ ആശുപത്രികളിലുമായി 15 ഉഷസ് കേന്ദ്രങ്ങൾ

(എ.ആർ.ടി) പ്രവർത്തിക്കുന്നു ്. ഇതുകൂടാതെ പത്തനംതിട്ട, മലപ്പുറത്തെ തിരൂർ, മഞ്ചേരി, വയനാട്ടിലെ മാനന്തവാടി, ഇടുക്കിയിലെ പൈനാവ, കാഞ്ഞങ്ങാട് തുടങ്ങിയ ജില്ലാ/ജനറൽ ആശുപത്രികളിലും നെയ്യാറ്റിൻകര, കൊട്ടാരക്കര, പീരിമേട്, പുനലൂർ താലൂക്ക് ആശുപത്രികളിലും, ലിങ്ക് എ.ആർ.ടി സെന്ററുകളായി ഉഷസ് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു ്. ഇതുവരെയുള്ള കണക്കനുസരിച്ച് 29027 എച്ച്.ഐ.വി അണുബാധിതരാണ് ഉഷസ് കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിലവിൽ എ.ആർ.ടി ചികിത്സയിലുള്ളത് 17022 പേരാണ

| ക്രമ നം | ഉഷസ് കേന്ദ്രങ്ങളുടെ പേര് |
|---|---|
| 1 | തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രി |
| 2 | കൊല്ലം ജില്ലാശുപത്രി |
| 3 | ആലപ്പുഴ മെഡിക്കൽകോളേജ് ആശുപത്രി |
| 4 | കോട്ടയം മെഡിക്കൽകോളേജ് ആശുപത്രി |
| 5 | എറണാകുളം ജനറൽ ആശുപത്രി |
| 6 | തൃശ്ശൂർ മെഡിക്കൽകോളേജ് ആശുപത്രി |
| 7 | പാലക്കാട് മെഡിക്കൽകോളേജ് ആശുപത്രി |
| 8 | കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രി |
| 9 | കണ്ണൂർ ജില്ലാശുപത്രി |
| 10 | കാസർഗോഡ് ജനറൽ ആശുപത്രി |
| 11 | എറണാകുളം മെഡിക്കൽകോളേജ് ആശുപത്രി, കളമശ്ശേരി |
| 12 | പരിയാരം മെഡിക്കൽകോളേജ് ആശുപത്രി, കണ്ണൂർ |
| 13 | മാനന്തവാടി ജനറൽ ആശുപത്രി, വയനാട് |
| 14 | മഞ്ചേരി മെഡിക്കൽകോളേജ് ആശുപത്രി, മലപ്പുറം |
| 15 | ഇടുക്കി മെഡിക്കൽകോളേജ് ആശുപത്രി |

**കെയർ സപ്പോർട്ട് കേന്ദ്രങ്ങൾ (സി.എസ്.സി)**

എ.ആർ.ടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സ എടുക്കുന്ന എച്ച്.ഐ.വി അണുബാധിതർക്ക് ആവശ്യമായ തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് അണുബാധിതരുടെ കൂട്ടായ്മകളിലൂടെ സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നീ ഏഴു ജില്ലകളിൽ കെയർ സപ്പോർട്ട് കേന്ദ്രങ്ങൾ (സി.എസ്.സി) 2021 ഒക്ടോബർ 1 മുതൽ നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ മാർഗ്ഗനിർദ്ദേശത്തോടു കൂടി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു.

**പുലരി കേന്ദ്രങ്ങൾ (DSRC)**

പുലരി കേന്ദ്രത്തിലൂടെ ലൈംഗിക-ജന്യ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു. നിലവിൽ സംസ്ഥാനത്ത് 14 ജില്ലകളിലായി 23 പുലരി ക്ലിനിക്കുകൾ (DSRC) ഉണ്ട്. 8 മെഡിക്കൽ കോളേജ്, 7 ജനറൽ ആശുപത്രികൾ, 8 ജില്ല ആശുപത്രികൾ എന്നിവിടങ്ങളിൽ പുലരി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ജനസംഖ്യയിൽ STI കളുടെയും RTI കളുടെയും ഉയർന്ന വ്യാപനത്തെ തടയാൻ STI/RTI കണ്ട്രോൾ പ്രോഗ്രാം ലക്ഷ്യമിടുന്നു. നേരത്തെയുള്ള രോഗനിർണ്ണയം , ചികിത്സ, വിദ്യാഭ്യാസത്തിലൂടെയുള്ള സ്വഭാവമാറ്റം എന്നിവയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എല്ലാ ഹെൽത്ത് കെയർ കേന്ദ്രങ്ങളിലും, പ്രത്യേകിച്ച് ഉയർന്ന അപകട സാധ്യതയുള്ള ഗ്രൂപ്പുകളെ (HRG) ലക്ഷ്യം വച്ചുകൊണ്ട് സമഗ്രവും ഗുണനിലവാരമുള്ളതുമായ സേവനങ്ങൾ ഉറപ്പാക്കുന്നതിന് പ്രോഗ്രാം എൻ.എച്ച്.എം. മായും സ്വകാര്യമേഖലയുമായും സഹകരിച്ച പ്രവർത്തിക്കുന്നു. ‘Syndromic case management’ സമീപനത്തെ അടിസ്ഥാനമാക്കി മെഡിക്കൽ, പാരമെഡിക്കൽ ഉദ്യോഗസ്ഥർക്ക് സ്റ്റാൻഡേർഡ് പരിശീലനം നൽകുകയും പരിശീലനം ലഭിച്ച counsellor മാരിൽ നിന്നുള്ള counselling സേവനങ്ങൾ ഈ ക്ലിനിക്കുകളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗലക്ഷണങ്ങളുള്ള രോഗികളെ DSRC യിലേക്ക് അയക്കുന്ന ഏകജാലക റഫറൽ സംവിധാനം (Single Window System) നിലനിൽക്കുന്നു. ഹൈ റിസ്ക് ഗ്രൂപ്പ് (HRG) കളുടെയും, പങ്കാളികളുടെയും STI Screening മെച്ചപ്പെടുത്തുന്നതിന് STI, ICTC, TI & Dermatology Association എന്നിവർ ചേർന്ന് ഒരു ടീം ആയി സഹകരിച്ച് ഔട്ട്-റീച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

| ക്രമ നം | പുലരി കേന്ദ്രങ്ങളുടെ പേര് |
|---|---|
| 1 | മെഡിക്കൽകോളേജ് ആശുപത്രി, തിരുവനന്തപുരം |
| 2 | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| 3 | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര |
| 4 | ജില്ലാശുപത്രി, കൊല്ലം |
| 5 | ജനറൽ ആശുപത്രി, പത്തനംതിട്ട |
| 6 | മെഡിക്കൽകോളേജ് ആശുപത്രി, കോട്ടയം |
| 7 | ജനറൽ ആശുപത്രി, കോട്ടയം |
| 8 | ജില്ലാശുപത്രി, ഇടുക്കി |
| 9 | മെഡിക്കൽകോളേജ് ആശുപത്രി, ആലപ്പുഴ |
| 10 | ജനറൽ ആശുപത്രി, ആലപ്പുഴ |
| 11 | മെഡിക്കൽകോളേജ് ആശുപത്രി, എറണാകുളം |
| 12 | ജനറൽ ആശുപത്രി, എറണാകുളം |
| 13 | മെഡിക്കൽകോളേജ് ആശുപത്രി, തൃശ്ശൂർ |
| 14 | ജനറൽ ആശുപത്രി, തൃശ്ശൂർ |
| 15 | ജില്ലാശുപത്രി, പാലക്കാട് |
| 16 | മെഡിക്കൽകോളേജ് ആശുപത്രി, കോഴിക്കോട് |
| 17 | ജനറൽ ആശുപത്രി, കോഴിക്കോട് |
| 18 | മെഡിക്കൽകോളേജ് ആശുപത്രി, മഞ്ചേരി മലപ്പുറം |
| 19 | ജില്ലാശുപത്രി, തിരൂർ |
| 20 | ജില്ലാശുപത്രി, മാനന്തവാടി, വയനാട് |
| 21 | മെഡിക്കൽകോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ |
| 22 | ജില്ലാശുപത്രി, കണ്ണൂർ |
| 23 | ജില്ലാശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് |

**ലക്ഷ്യാധിഷ്ഠിത ഇടപെടൽ കേന്ദ്രങ്ങൾ (ടി.ഐ)**

കേരളത്തിലെ 14 ജില്ലകളിലായി എച്ച്.ഐ.വി അണുബാധാ സാധ്യത കൂടുതലുള്ള ലക്ഷ്യ വിഭാഗങ്ങൾക്കിടയിൽ എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 64 സുരക്ഷാ പദ്ധതികൾ (ടി.ഐ) പ്രവർത്തിച്ചു വരുന്നു. ലക്ഷ്യ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർ, സ്ത്രീലൈംഗിക തൊഴിലാളികൾ, പുരുഷ സ്വവർഗാനുരാഗികൾ, മയക്കു മരുന്നു കുത്തിവയ്ക്കുന്നവർ, ട്രാൻസ്ജെൻഡർ, അതിഥിതൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർ എന്നിവരാണ്. Community Based Organisations, സന്നദ്ധസംഘടനകൾ/സമൂഹാധിഷ്ഠിത സംഘടനകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നത്. സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, മയക്ക് മരുന്ന് കുത്തിവയ്പ്പിലൂടെ സ്വീകരിക്കുന്നവരുടെ ഇടയിൽ കുത്തിവയ്പുകൾ എന്നിവയിലൂടെ വരാൻ സാധ്യതയുള്ള അണുബാധകൾ തടയുന്നതിനായി ഉറകളുടെയും (കോ ം), സൂചി, സിറിഞ്ച് എന്നിവയുടെയും വിതരണം പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നു. മയക്കുമരുന്ന് കുത്തിവയ്ക്കുന്നവരിൽ അപകട സാധ്യത കുറയ്ക്കുന്നതിനും ആസക്തി ചികിത്സിക്കുന്നതിനും അനുയോജ്യമായ Opioid Substitution Therapy (OST) 11 കേന്ദ്രങ്ങൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

**ബോധവത്കരണ വിഭാഗം (ഐ.ഇ.സി)**

എച്ച്.ഐ.വി പ്രതിരോധത്തിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം ബോധവത്കരണമാണ്. ഇതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി വിവിധ മാധ്യമങ്ങളുടെ സഹായത്തോടു

കൂടി ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. റേഡിയോ, ടെലിവിഷൻ, അച്ചടി മാധ്യമങ്ങൾ വഴിയും, പോസ്റ്ററുകൾ, ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ പ്രദർശിപ്പിച്ചും, ബസ്സുകളിൽ, ആശുപത്രികളിൽ, കോളേജുകളിലും ഡിജിറ്റൽ ബോർഡുകൾ റയിൽവേ സ്റ്റേഷനുകളിൽ, പ്രധാന ഷോപ്പിംഗ് മാളുകളിൽ പ്രദർശിപ്പിച്ചു കൊ ും നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ നാടൻ കലാരൂപങ്ങളുടെ സഹായത്തോടു കൂടി എച്ച്.ഐ.വി യെക്കുറിച്ചുള്ള ശരിയായ വിവരം തീരദേശവും, ആദിവാസ മേഖലയും ഉൾപ്പെട്ട ഉൾപ്രദേശങ്ങളിൽ നൽകപ്പെടുന്നു. ഇത് കൂടാതെ കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബുകൾ വിദ്യാർത്ഥികൾക്കിടയിൽ എച്ച്.ഐ.വിയെക്കുറിച്ചും, ലൈംഗികരോഗങ്ങളെക്കുറിച്ചും,സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നു ്. കൂടാതെ ജീവിതനൈപുണ്യം കൈവരിക്കുന്നതിനും എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബുകൾ നടത്തിവരുന്നത്. കേരളത്തിലെ 14 ജില്ലകളിലും കൗമാര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നാഷണൽ സർവീസ് സ്കീമുമായി ചേർന്ന് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ച വരുന്ന . ഔട്ട് ഓഫ് സ്കൂൾ യൂത്ത് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിലുടനീളം നെഹ്റു യുവ കേന്ദ്ര മുഖേന ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും, യൂത്ത് ഫെസ്റ്റിന്റെ ഭാഗമായി കോളേജ് കുട്ടികൾക്കായി മാരത്തോൺ ഫ്ളാഷ് മോബ് മത്സരങ്ങളും, സ്കൂൾ കുട്ടികൾക്കായി ക്വിസ് മത്സരം ജില്ലാ- സംസ്ഥാന തലങ്ങളിൽ നടത്തിവരുകയും ചെയ്യുന്നു. ബോധവത്കരണ വിഭാഗത്തിന് കീഴിൽ മുഖ്യധാരാവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുമായി ചേർന്ന് അനവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി 16 ഇതര വകുപ്പുകളുമായി യോജിച്ച പ്രവർത്തിക്കുന്നതിനായി ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്

**എച്ച്.ഐ.വി & എയ്ഡ്സ് (തടയലും നിയന്ത്രണവും) നിയമം 2017** നിലവിൽ വന്നിട്ടു ്. ഇതു പ്രകാരം എച്ച്.ഐ.വി ബാധിച്ച ഒരാളെക്കുറിച്ചുള്ള വിവരങ്ങൾ സ്വകാര്യമായി സൂക്ഷിക്കുന്നത് ഉറപ്പു നൽകുന്നു. കോടതി ഉത്തരവ് ഉ ങ്കിലോ ശരിയായ ചികിത്സ ഉറപ്പാക്കുന്നതിനോ ഒഴികെയുള്ള സാഹചര്യങ്ങളിൽ ഒരാളും എച്ച്.ഐ.വി ബാധിതരുടെ സ്റ്റാറ്റസോ അതുമായി ബന്ധപ്പെട്ട വിവരങ്ങളോ പുറത്തു പറയുവാൻ പാടുള്ളതല്ല. എച്ച്.ഐ.വി പരിശോധനയോ, ഗവേഷണമോ അതാത് വ്യക്തിയുടെ അറിവോ, സമ്മതമോ ഇല്ലാതെ നടത്തുകയില്ലായെന്ന് ഈ നിയമം ഉറപ്പു വരുത്തുന്നു. അതുപോലെ എച്ച്.ഐ.വി പരിശോധനയ്ക്ക് മുൻപും, പിൻപും കൗൺസിലിംഗിനുമുള്ള അവസരം ഉ ായിരിക്കണം. എച്ച്.ഐ.വി ബാധിതരായിട്ടുള്ള വ്യക്തികൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള വിവേചനമോ, വെറുപ്പോ കാണിക്കുന്നത് ഈ നിയമം തടയുന്നു. ആശുപത്രികൾ, ഓഫീസുകൾ, കോളേജുകൾ, സ്ക്കൂളുകൾ എന്നിവിടങ്ങളിൽ വിവേചനം കാണിക്കുന്നത് തടയുന്നു. തൊഴിലിടങ്ങളിൽ വെച്ച് എച്ച്.ഐ.വി അണുബാധ ഉ ാകുന്നത് തടയുവാൻ സുരക്ഷിതമായ ഒരു തൊഴിലിടം സൃഷ്ടിക്കുന്നതിന് പോസ്റ്റ് എക്സ്പോഷർ പ്രോഫിലാക്സിനുള്ള സഹായം, കരുതലെടുക്കുവാനും, എച്ച്.ഐ.വി യിൽ നിന്ന് സ്വയം സംരക്ഷണം നേടാനുള്ള പൂർണ്ണ വിവരങ്ങൾ എന്നിവ നൽകേ താണ്.

ഈ നിയമത്തിന്റെ ലംഘനം, ഇത് നൽകുന്ന ആരോഗ്യ സേവനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) നെ ഓംബുഡ്സ്മാനായി നിയമിച്ചിരിക്കുന്നു. അതുപോലെ 100 അല്ലെങ്കിൽ അതിലും അധികം ജീവനക്കാരുള്ള ഏതു സ്ഥാപനവും, 20 അല്ലെങ്കിൽ അതിലും അധികം ജീവനക്കാരുള്ള ആരോഗ്യ പരിപാലന സ്ഥാപനവും പരാതി പരിഹാരത്തിനായി ഒരു കംപ്ലെയ്ൻസ് ഓഫീസറെ

നിയമിക്കുകയും വേണം. നിയമ ലംഘനങ്ങൾ ഉ ായാൽ 3 മാസം മുതൽ 2 വർഷം വരെ ജയിൽ വാസമോ അല്ലെങ്കിൽ ഒരു ലക്ഷം രൂപ പിഴയോ അല്ലെങ്കിൽ ഇവ ര ുമോ ശിക്ഷ വിധിക്കുന്നതായിരിക്കും.

## Greater Involvement of People Living with HIV/AIDS (GIPA)

എച്ച്.ഐ.വി അണുബാധിതരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും തിരിച്ചറിഞ്ഞു എച്ച്.ഐ.വി പ്രതിരോധ സംരക്ഷണ പ്രവർത്തനങ്ങളുടെ നയരൂപീകരണങ്ങളിലും, പദ്ധതി രൂപീകരണങ്ങളിലും, നടത്തിപ്പിലും എച്ച്.ഐ.വി അണുബാധിതരുടെ അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജിപ ആശയം /തത്വം രൂപീകൃതമായിരിക്കുന്നത് . ഈ തത്ത്വം പ്രാബല്യത്തിൽ വന്നതിലൂടെ എച്ച്.ഐ.വി അണുബാധിതരുടെ വിഷയങ്ങൾ യഥാസമയം സർക്കാർ തലത്തിൽ അവതരിപ്പിച്ച് ആവശ്യമായ സേവനങ്ങൾ അണുബാധിതർക്കു വേണ്ടി നടപ്പിലാക്കി കൊടുക്കുവാൻ സാധിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എച്ച്.ഐ.വി അണുബാധിതരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സൗജന്യ ചികിത്സയോടൊപ്പം വിവിധ തരം സാമൂഹ്യ സുരക്ഷാ പദ്ധതികൾ കേരളം സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

## എച്ച്.ഐ.വി അണുബാധിതർക്കായി കേരള സർക്കാർ നടപ്പിലാക്കി വരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ

1. പ്രതിമാസ ചികിത്സാ ധനസഹായ പദ്ധതി എ.ആർ.ടി ചികിത്സ എടുക്കുന്ന എച്ച്.ഐ.വി അണുബാധിതർക്ക് പ്രതിമാസം 1000/- രൂപാ വീതം നൽകി വരുന്നു.
2. പോഷകാഹാര വിതരണ പദ്ധതി - തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദ്ദേശപ്രകാരം ജില്ലാ പഞ്ചായത്തുകളുടെ തനത് ഫ ് ഉപയോഗിച്ച് ജില്ലാതല നെറ്റ് വർക്കുകൾ മുഖേന പോഷകാഹാര വിതരണം നടത്തുന്നു. 4500 കുടുംബങ്ങൾ ഗുണഭോക്താക്കളായിട്ടു ്.
3. എച്ച്.ഐ.വി അണുബാധിത കുടുംബങ്ങള ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തി കൊ ു ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതു ്.
4. എച്ച്.ഐ.വി അണുബാധിതരായ കുട്ടികളെ സ്നേഹപൂർവ്വം സ്ക്കോളർഷിപ്പ് വിദ്യാഭ്യാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.
5. എച്ച്.ഐ.വി അണുബാധിതരെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ പരിരക്ഷ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.
6. എച്ച്.ഐ.വി അണുബാധിതരായ സ്ത്രീകൾക്ക് സൗജന്യ പാപ്സ്മിയർ പരിശോധന
7. ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി ഉള്ള അണുബാധിതർക്ക് ഭവനം ലഭ്യമാക്കി വരുന്നു.

| WAD Data file 2024 December 1st | | | | | | | | |
|---|---|---|---|---|---|---|---|---|
| Year | Tested | | | | Positive | | | |
| | Male | Female | TG | **Total** | Male | Female | TG | **Total** |
| 2005 | 8094 | 22502 | 0 | **30596** | 1476 | 1151 | 0 | **2627** |
| 2006 | 17425 | 71312 | 0 | **88737** | 1858 | 1490 | 0 | **3348** |
| 2007 | 39609 | 113286 | 0 | **152895** | 2247 | 1725 | 0 | **3972** |
| 2008 | 44009 | 137303 | 0 | **181312** | 1652 | 1096 | 0 | **2748** |
| 2009 | 72127 | 167886 | 0 | **240013** | 1540 | 1052 | 0 | **2592** |
| 2010 | 105213 | 202961 | 0 | **308174** | 1402 | 940 | 0 | **2342** |
| 2011 | 138787 | 253983 | 0 | **392770** | 1314 | 846 | 0 | **2160** |
| 2012 | 166361 | 270196 | 0 | **436557** | 1135 | 774 | 0 | **1909** |
| 2013 | 175442 | 284102 | 0 | **459544** | 1136 | 604 | 0 | **1740** |
| 2014 | 200821 | 311180 | 0 | **512001** | 1066 | 684 | 0 | **1750** |
| 2015 | 205533 | 269881 | 0 | **475414** | 951 | 543 | 0 | **1494** |
| 2016 | 253113 | 410884 | 0 | **663997** | 922 | 516 | 0 | **1438** |
| 2017 | 268525 | 419020 | 0 | **687545** | 813 | 486 | 0 | **1299** |
| 2018 | 298106 | 620346 | 0 | **918452** | 785 | 435 | 0 | **1220** |
| 2019 | 394642 | 798104 | 4017 | **1196763** | 794 | 412 | 5 | **1211** |
| 2020 | 258516 | 631186 | 3681 | **893383** | 535 | 302 | 3 | **840** |
| 2021 | 300714 | 701502 | 4697 | **1006913** | 600 | 260 | 6 | **866** |
| 2022 | 430985 | 848840 | 4311 | **1284136** | 799 | 321 | 6 | **1126** |
| 2023 | 718409 | 964325 | 4681 | **1687415** | 977 | 283 | 10 | **1270** |
| January 2024 - October 2024 | 843585 | 1070200 | 6486 | **1920271** | 805 | 258 | 2 | **1065** |